**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **02-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി/നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

സംരംഭകത്വ വർഷം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന , വ്യാപാര മേഖലയിൽപുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ /അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം വരെയുള്ള വർക്കിങ് കാപിറ്റൽ ലോണിനു ഈ പദ്ധതിപ്രകാരമുള്ള പലിശയിളവിനു അർഹതയുണ്ട്.

**മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള് സഹായ പദ്ധതി**

സംരംഭകൻ മുന്നോട്ട് വെച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% സബ്സിഡിയായി നൽകുന്നു.(ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ.

**നിലവിലുള്ള എം.എസ്.എം.ഇ കളിൽസൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന്

ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവനമേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. 01/01/2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. സ്ഥിര മൂലധനനിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല.ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-യ്ക്ക് അർഹതയുള്ളത്. ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ , കേരള ഫിനാൻഷ്യൽ കോർപറേഷന്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവെലപ്മെന്റ് കോർപറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്.ബാങ്കിൽ നിന്നും പ്രവർത്തന മൂല ധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്ന വര്ഷം 8% പലിശയിളവ് നൽകുന്നു .ഇത് റീ ഇമ്പേഴ്സ്മെന്റ് ആയാണ് നൽകുന്നത്.

**എം.എസ്.എം.ഇ-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ കയറ്റുമതി ആരംഭിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനുമുള്ള പ്രത്യേക പദ്ധതി അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/രജിസ്ട്രേഷൻ ചാർജ്ജുകളുടെ 75% (2.00 ലക്ഷം രൂപ വരെ) സഹായം ട്രേഡ് സാമ്പിളുകൾ അയയ്ക്കുന്നതിനുള്ള വിമാന ചരക്ക് / കൊറിയർ നിരക്കുകൾക്കു 5.00 ലക്ഷം രൂപ വരെ സഹായം കയറ്റുമതി ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനം അല്ലെങ്കിൽ നവീകരണത്തിന്ആവശ്യമായ തുകയുടെ 40 % (60.00 ലക്ഷം രൂപ വരെ) സഹായം.യുവ/എസ്സി/എസ്ടി/വനിത/എൻആർകെ എന്നിവയ്ക്ക് 10% അധിക പിന്തുണ. ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനേജ്മെന്റും നടപ്പിലാക്കലും സർട്ടിഫിക്കേഷനും - മൊത്തം ചെലവിന്റെ 50% (പരമാവധി 25.00 ലക്ഷം രൂപ) വരെ സഹായം കയറ്റുമതി സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് 10% വരെ സഹായം.

<u>പ്രാദേശിക വിപണികളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതി</u> : 25 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം നിക്ഷേപമുള്ള എംഎസ്എംഇകൾക്ക് അവയുടെ വിപണി വികസനത്തിനായി സഹായം. ഉൽപ്പാദനം ആരംഭിച്ച തീയതി 2020 ഏപ്രിൽ 1-നോ അതിനു ശേഷമോ ആയിരിക്കണം. ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും/വിൽക്കുന്നതിനും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം അനുവദിക്കും. പ്രതിമാസം 10,000 രൂപ പരിധിക്ക് വിധേയമായ മൈന്റെനൻസ് ചാർജ്ജുകൾ സഹായമായി നൽകും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ/എൻജിഒകൾ/മാളുകൾ/ സൂപ്പർമാർക്കറ്റുകൾ

എന്നിവയിൽ നിന്ന് വാടക/ലീസ് അടിസ്ഥാനത്തിൽ പ്രദർശനവും വിൽപ്പന സ്ഥലങ്ങളും - ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ യഥാക്രമം പ്രതിമാസം പരമാവധി 5,000/10,000/15,000 രൂപയ്ക്ക് വിധേയമായി വാടക/ലീസ് ചാർജുകൾ. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിന്റെ വികസനം - ചെലവിന്റെ 50% (25,000 രൂപ വരെ).

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം GO(MS)No. 31/2022/ID തീയതി, 02.04.2022 ഉത്തരവ് പ്രകാരം കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി Private Industrial Estate Scheme-2022 നിലവിൽ വരികയും ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്തു വരുന്നു . സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു സ്വകാര്യ പാർക്കിന് റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിൽ സർക്കാർ ധനസഹായം നൽകുന്നു.

എം.എസ്.എം.ഇ ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിന്:
പദ്ധതി ചെലവിന്റെ 80% കേരളം സർക്കാർ വഹിക്കും, ബാക്കി 20% ക്ലസ്റ്ററിലെ അംഗങ്ങൾ ചേർന്ന് ഉണ്ടാക്കിയ കൺസോർട്ടിയം വഹിക്കണം CFC യുടെ അനുവദനീയമായ പ്രോജക്റ്റ് ചെലവ് 5 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു, അതിൽ ഭൂമി, കെട്ടിടം, പ്രാഥമിക ചെലവുകൾ, യന്ത്രങ്ങൾ &ഉപകരണങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ, ജലവിതരണം, വൈദ്യുതി, വർക്കിംഗ് ക്യാപിറ്റൽ മാർജിൻമണി എന്നിവ ഉൾപ്പെടുന്നു ഡിപിആർ തയ്യാറാക്കുന്നതിന് 50,000 രൂപ വരെസഹായം 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

(1) ഒരു കുടുംബം,ഒരു സംരംഭം പദ്ധതിക്കു 2022-23 ലെ ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 400 ലക്ഷം രൂപയ്ക്കു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.
6/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവാണ് പദ്ധതിപ്രകാരം റീ ഇമ്പേഴ്സ് ചെയ്തു നൽകുന്നത് .ഇപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന്

ഓൺലൈൻ പ്ലാററ്ഫോം തയ്യാറാക്കിയിട്ടുള്ളതും (http://ofoe.industry.kerala.gov.in) ആയതു പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്തു ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ആണ്.

<u>2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതിക്കു</u> 2022-23 ലെ ബഡ്ജറ്റിൽ 650 ലക്ഷം രൂപ വകയിരുത്തുകയും 100 ലക്ഷം രൂപയ്ക്കു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട് .പദ്ധതി പ്രകാരമുള്ള അപേക്ഷഫോറവും അനുബന്ധരേഖകളും തയാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

<u>3. നിലവിലുള്ള എം.എസ്.എം.ഇ കളിൽസൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം പദ്ധതി</u>ക്കു 2022-23 ലെ ബഡ്ജറ്റിൽ 1140 ലക്ഷം രൂപ വകയിരുത്തുകയും 100 ലക്ഷം രൂപയ്ക്കു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട് .

പദ്ധതി പ്രകാരമുള്ള അപേക്ഷഫോറവും അനുബന്ധരേഖകളും മാർഗ നിർദേശങ്ങളും തയാറാക്കുന്ന നടപടികൾസ്വീകരിച്ചുവരുന്നു.

4. സ്വകാര്യ വ്യവസായ പാർക്ക് പദ്ധതി

Private Industrial Estate Scheme 2022 പദ്ധതിയിൽ ആദ്യഘട്ടം ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള 4 അപേക്ഷകൾക്ക് അംഗീകാരം നൽകുന്നതിന് തീരുമാനം എടുക്കുകയും ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്തു

രണ്ടാം ഘട്ടത്തിൽ 23.01.2023 ൽ നടന്ന സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മറ്റി മീറ്റിംഗ് നാല് അപേക്ഷകൾക്ക്കൂടി ഡെവലപ്പർ പെർമിറ്റ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്

5. സംരംഭക വർഷം പദ്ധതി ആരംഭിച്ച് 2023 ജനുവരി 30 വരെയുള്ള കണക്കു പ്രകാരം സംസ്ഥാനത്ത് 1,27,214 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 7710.85 കോടി രൂപ നിക്ഷേപം വരുകയും , സംസ്ഥാനമൊട്ടാകെ 2,73,931 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**എംഎസ്എംഇകളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി, സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SS-CDP)** എന്നീ പദ്ധതികൾക്കും സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴി സ്വീകരിച്ച് വരുന്നു

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം താഴെപറയുന്നവയാണ്.

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്റ്റിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും വേണ്ടി 2021-22 സാമ്പത്തിക വർഷം 60 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹനത്തിനായി പ്രവർത്തനങ്ങൾ ആവശ്യമാണ്. ദൃശ്യ-ശ്രാവ്യ, അച്ചടി

മാദ്ധ്യമങ്ങളിലൂടെ ഉള്ള പ്രചരണം, ദൃശ്യ ഡോക്കുമെന്ററി നിർമ്മിക്കുക, ഉദ്യോഗസ്ഥർക്കും, ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലാളികൾക്കുമുള്ള പരിശീലനത്തിനുമായി 2021-22 സാമ്പത്തിക വർഷം 60 ലക്ഷം രൂപ വിനിയോഗിച്ചു. 2022-2023 വർഷത്തിൽ 49,98,788/- രൂപയും വിനിയോഗിച്ചു. തേനീച്ച വളർത്തൽ വ്യവസായ വികസനത്തിനായി 2021-22 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി ബോർഡിന്റെ വില്പന കേന്ദ്രങ്ങളുടേയും സംഭരണശാലകളുടേയും നവീകരണത്തിനും ആധുനികവൽക്കരണത്തിനും പുതിയ വില്പനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും 2021-22 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വിനിയോഗിച്ചു. 2022-2023 വർഷത്തിൽ 15 ലക്ഷം രൂപ അനുവദിച്ചു. ഈ മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. വർക്ക്ഷെഡ് നവീകരണം, തറി, ചർക്ക വാങ്ങൽ, പ്രീ ലൂം പ്രോസസിംഗ്, സ്പിന്നിംഗ്, വീവിംഗ്, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്കായി 2021-22 സാമ്പത്തിക വർഷം 120 ലക്ഷം രൂപ വിനിയോഗിച്ചു. 2022-2023 സാമ്പത്തിക വർഷത്തിൽ 23 ഖാദി സ്ഥാപനങ്ങൾക്ക് ചർക്ക/തറി എന്നിവയുടെ repair & maintenance-നായി 35 ലക്ഷം വിനിയോഗിച്ചു. ഖാദി മേഖലയിലെ നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉൽസവകാല ഇൻസെന്റീവും നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വിനിയോഗിച്ചു. 2022-2023 വർഷത്തിൽ 300 ലക്ഷം രൂപ 11347 ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തു. വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം 29.50 ലക്ഷം രൂപ വിനിയോഗിച്ചു. 2022-2023 വർഷത്തിൽ 25 ലക്ഷം രൂപയും വിനിയോഗിച്ചു. വകുപ്പ് തല ഖാദി ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി അനുവദിച്ച 121.50 ലക്ഷം രൂപയിൽ നിന്നും 2.22 ലക്ഷം രൂപ കഴിച്ച് ശേഷം ബാക്കി തുക 2021-22 സാമ്പത്തിക വർഷം പൂർണ്ണമായും വിനിയോഗിച്ചു. 2022-23 സാമ്പത്തിക വർഷം ചർക്ക/തറി, സ്പെയർ പാർട്സ്, maintenance എന്നിവയ്ക്കായി 38 ലക്ഷം രൂപയും 83 തൊഴിലാളികൾക്ക് നെയ്ത്ത് പരിശീലനത്തിനായി 22 ലക്ഷം രൂപയും വിനിയോഗിച്ചു. സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി 17.20 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി പട്ടുനൂൽ നെയ്ത്ത് പദ്ധതിയ്ക്കായി 60 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 2,07,232/- രൂപ കഴിച്ച് ബാക്കി തുക 2021-22 സാമ്പത്തിക വർഷം പൂർണ്ണമായും വിനിയോഗിച്ചു. 2022-2023 വർഷത്തിൽ തിരുവനന്തപുരം, പാലക്കാട്, പയ്യന്നൂർ ഖാദി കേന്ദ്രം എന്നിവിടങ്ങളിലെ സിൽക്ക് നെയ്ത്ത് കേന്ദ്രങ്ങൾക്ക് ആവശ്യമായ raw materials വാങ്ങുന്നതിനായി 30 ലക്ഷം രൂപയും വിനിയോഗിച്ചു.

2022-2023 സാമ്പത്തിക വർഷത്തിൽ പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പുതിയ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധന സഹായം (മാർജിൻ മണി/ സബ്സിഡി) പദ്ധതിപ്രകാരം അനുവദിച്ച 72 ലക്ഷം രൂപ വിനിയോഗിച്ച്

191 ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. അതിലൂടെ 417 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

<u>പ്രവാസി ഭദ്രത മെഗാ പദ്ധതി</u>

സംസ്ഥാനത്തിന്റെ വികസനത്തിലും പുരോഗതിയിലും പ്രവാസി മലയാളികളുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിരുന്ന പദ്ധതി ആയിരുന്നു പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കുവാനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി യും നോർക്കയും ചേർന്ന് സ്വീകരിച്ചു വരികയാണ്.

<u>കോവിഡ് 19 സമാശ്വാസ പദ്ധതി</u>

കോവിഡ് - 19 പകർച്ചവ്യാധി മൂലം ദുരിതത്തിലായ സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്ന പേരിൽ 2020-2021 ൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു.

കോവിഡ് 19 നെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജിന്റെ രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് 2021-2022 ൽ കോവിഡ് 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക പാക്കേജ് കൂടി പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി യുടെ എസ്.ഡി.എഫ് കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ നടപ്പിലാക്കി.

<u>സി എം സ്പെഷ്യൽ അസിസ്റ്റന്റ് സ്കീം നിലവിലുണ്ട്</u>

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടി പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും.

പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 1 കോടി മുതൽ രണ്ട് കോടി രൂപ വരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 5.5% പലിശയ്ക്ക് വായ്പ ലഭിക്കും.

പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക.

**കിൻഫ്ര മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ :**

1) കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി - കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി വികസനവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I – ൽ 653 ഏക്കറും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.
2) ഗിഫ്റ്റ് സിറ്റി - എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിനായി 358 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.
3) പെട്രോകെമിക്കൽ പാർക്ക് - കൊച്ചി അമ്പലമുഗളിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
4) സ്പൈസസ് പാർക്ക് - ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ മുട്ടത്ത് 15.43 ഏക്കർ സ്ഥലത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
5) മട്ടന്നൂർ സ്ഥാപിക്കുന്ന വ്യവസായ പാർക്കിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
6) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് ഔദ്യോഗികമായ ഉദ്ഘാടനവും നടത്തിക്കഴിഞ്ഞു. അലോട്ട്മെന്റുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുമേഖല സ്ഥാപനമായ സിഡ്കോ ഷോർട്ട് ടേം മാസ്റ്റർ പ്ലാൻ ആയി സമർപ്പിച്ച 9.82 കോടി രൂപയിൽ സിഡ്കോ ഗവൺമെന്റ് ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പ് (തിരുവനന്തപുരം), ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ, ഒളവണ്ണ (കോഴിക്കോട്) എന്നീ യൂണിറ്റുകളുടെ നവീകരണത്തിനായി 8 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിനു തുടർച്ചയായി സിഡ്കോയുടെ PSTSB അക്കൗണ്ടിൽ 2 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച തുകയ്ക്ക് അനുസൃതമായി ടി പ്രൊഡക്ഷൻ യൂണിറ്റുകൾ നവീകരണ പ്രവർത്തികൾ ധ്രുത ഗതിയിൽ നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ